പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3638 10.04.2013 - ൽ മറുപടിയ്ക്ക്

കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

ഉത്തരം

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയർ ഇംപ്ലാന്റേഷനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചും മണ്ഡലം തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 494 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. (പട്ടിക താഴെ) മണ്ഡലം തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടില്ല |
| (ബി) | എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | 2012 - 13 സാമ്പത്തിക വർഷം 200 കുട്ടികൾക്ക് സർജറി നടത്തുവാനുള്ള അനുമതി നൽകുകയും, ആയതിൽ 170 സർജറികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള 30 കുട്ടികൾക്ക് കൂടി സർജറി നടത്താനുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് നൽകിയിട്ടുമുണ്ട്. |
| (സി) | ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പരിഗണനയിലാണ് |
| (ഡി) | കോങ്ങാട് മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകരിൽ എത്ര പേർക്ക് ആയതിന്റെ ആനുകൂല്യം നലകിയെന്നുള്ള വിവരം നൽകുമോ; | (ഡി) | കോങ്ങാട് മണ്ഡലത്തിലെ അപേക്ഷകരുടെ വിവരം പ്രത്യേകമായി ലഭ്യമല്ല. |

| ക്രമ നം. | ജില്ല | സർജറി നടത്തിയ കുട്ടികളുടെ എണ്ണം |
|---|---|---|
| 01 | ആലപ്പുഴ | 33 |
| 02 | എറണാകുളം | 49 |
| 03 | ഇടുക്കി | 16 |
| 04 | കണ്ണൂർ | 45 |
| 05 | കാസർഗോഡ് | 11 |
| 06 | കൊല്ലം | 36 |
| 07 | കോട്ടയം | 39 |
| 08 | കോഴിക്കോട് | 44 |
| 09 | മലപ്പുറം | 60 |
| 10 | പാലക്കാട് | 33 |
| 11 | പത്തനംതിട്ട | 13 |
| 12 | തൃശ്ശൂർ | 56 |
| 13 | തിരുവനന്തപുരം | 51 |
| 14 | വയനാട് | 08 |
| | | 494 |

| | | | |
|---|---|---|---|
| (ഇ) | ക്രമനമ്പർ 324 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മീനു, ടി. എം. എന്ന ഒന്നര വയസ്സുള്ള കുട്ടിയ്ക്ക് പ്രസ്തുത സഹായം ലഭ്യമാക്കിയോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിവരം നൽകുമോ? | (ഇ) | പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല. കുമാരി മീനു. ടി. എം-ന്റെ അപേക്ഷ പരിശോധിച്ച് സർജറിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി കുട്ടിയുടെ രക്ഷാകർത്താവിനോട് പദ്ധതി മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സത്യവാങ്മൂലം 100 രൂപ മുദ്രപത്രത്തിൽ നൽകുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഇതുവരെ സമർപ്പിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് കുമാരി മീനു ടി.എം.-ന് ശ്രുതിതരംഗംപദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |

R. Vijayakumar

സെക്ഷൻ ഓഫീസർ